# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1147** **08.02.2013 ൽ മറുപടിക്ക്**

**സംസ്ഥാന സ്ക്കൂൾ കലോൽസവം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി. കെ.എസ്.സലീഖ | | ശ്രീ.പി.കെ.അബ്ദു റബ്ബ് ( വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) | 53 -ാമത് സംസ്ഥാന സ്ക്കൂൾ കലോൽസവത്തിൽ അപ്പീൽ വഴി എന്ത് തുക പിരിഞ്ഞുകിട്ടി യെന്നും, എത്ര കുട്ടികളാണ് അപ്പീൽ വഴി പങ്കെടുത്ത തെന്നും, കോടതി വഴി എത്ര അപ്പീലുകൾ വന്നുവെന്നും, ഏത് ഇനങ്ങൾക്കാണ് അപ്പീലു കൾ കൂടുതലായി വന്നതെന്നും വ്യക്തമാക്കുമോ; | (എ) | അപ്പീലുകൾ വഴി 39,15,000/- രൂപയാണ് പിരിഞ്ഞുകിട്ടിയത്. ആകെ 783 വിദ്യാർത്ഥികളാണ് അപ്പീൽവഴി പങ്കെടുത്തിരുന്നത്. കോടതി വഴി 199 അപ്പീലുകൾ വന്നിരുന്നു. നാടോടി നൃത്തം (ഹയർസെക്കൻഡറി ഗേൾസ് വിഭാഗം), ഭരതനാട്യം (ഹയർ സെക്കൻഡറി ഗേൾസ് വിഭാഗം /ഹൈസ്കൂൾ ഗേൾസ് വിഭാഗം) എന്നീ ഇനങ്ങൾക്കാണ് അപ്പീലുകൾ കൂടുതലായി വന്നത്. |
| (ബി) | സംസ്ഥാനതല അപ്പീലിന് ഫീസിനത്തിൽ എത്ര രൂപ യാണ് ഈടാക്കുന്നതെന്നും ഫീസ് കുത്തനെ കൂട്ടിയതുവഴി അപ്പീലുകളുടെ എണ്ണം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കുറ ഞ്ഞിട്ടുണ്ടോയെന്നും വിശദമാ ക്കുമോ; | (ബി) | സംസ്ഥാനതല അപ്പീൽ ഫീസ് 1,000/- രൂപയിൽ നിന്നും 2000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് അപ്പീലുകളുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. |
| (സി) | സാമ്പത്തിക പ്രയാസംമൂലം കലാപഠനം വഴിമുട്ടിനിൽക്കുന്ന വിവിധ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥി കൾക്ക് അവരുടെ കലാപഠനം മെച്ചമാക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരി ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) | വിദഗ്ദ്ധസമിതിയുമായി ആലോചിച്ച് ഉചിതമായ തീരുമാനം എടുക്കു ന്നതാണ്. |
| (ഡി) | സംസ്ഥാന കലോൽസവത്തി നെത്തുന്ന കുട്ടികളിൽ സാമ്പ ത്തിക സഹായം അർഹിക്കു ന്നവരെ നിർദ്ദേശിക്കുവാൻ അദ്ധ്യാപകർക്കും മാധ്യമങ്ങ ൾക്കും അവസരം നൽകാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (ഡി) | സ്കൂൾ കലോൽസവ മാനുവൽ പരിഷ്കരണ വേളയിൽ വിദഗ്ദ്ധ സമിതിയുമായി ആലോചിച്ച് ഉചിതമായ തീരുമാനം എടുക്കു ന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | അടുത്ത സംസ്ഥാന കലോൽസവം മുതൽ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെകൂടി കണ്ടെത്തി സംസ്ഥാന കലോൽസവത്തിൽ അവരെയുംകൂടി പങ്കെടുപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ഇ) | പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വേണ്ടി ഇപ്പോൾതന്നെ സ്പെഷ്യൽ സ്കൂൾ കലോൽസവം നടത്തി വരുന്നുണ്ട്. |
| (എഫ്) | സംസ്ഥാന കലോൽസവത്തിന് മുന്നോടിയായി നടത്തിയ തിരുവനന്തപുരം ജില്ലാ റവന്യൂ കലോൽസവത്തിൽ വിളമ്പിയ ഭക്ഷണത്തിൽ പുഴു വന്ന വാർത്ത റിപ്പോർട്ട് ചെയ്യുവാൻ തുടങ്ങിയ മാധ്യമപ്രവർത്തകരെ, അദ്ധ്യാപക സംഘടനാ പ്രവർത്തകർ ക്രൂരമായി മർദ്ദിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമൂലം എത്ര മാധ്യമ പ്രവർത്തകരാണ് ആശുപത്രിയിലായതെന്നും അവർ ആരെല്ലാമെന്നും, ഏതൊക്കെ മാധ്യമത്തിൽ ജോലിചെയ്യുന്നവരെന്നും, മാധ്യമപ്രവർത്തകർക്ക് എത്ര രൂപയുടെ നഷ്ടം സംഭവിച്ചുവെന്നും, പ്രസ്തുത നഷ്ടം എപ്രകാരമാണ് തീർക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ; | (എഫ്) | മാധ്യമപ്രവർത്തകരെ, അദ്ധ്യാപക സംഘടനാ പ്രവർത്തകർ മർദ്ദിച്ച സംഭവം ശ്രദ്ധയിൽപെടുകയും ഉടൻ തന്നെ ബന്ധപ്പെട്ട അധികാരികളെ അറിയിക്കുകയും ചെയ്തു. ഇത് സംബന്ധിച്ച് വകുപ്പുതല അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്. |
| (ജി) | പ്രസ്തുത മാധ്യമ പ്രവർത്തകരെ ക്രൂരമായി മർദ്ദിച്ച അദ്ധ്യാപക സംഘടനാ പ്രവർത്തകർക്കെതിരെ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നും അവർ ആരെല്ലാമാണെന്നും ഇവർക്കെതിരെ എന്തൊക്കെ വകുപ്പുതല നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ? | (ജി) | വകുപ്പുതല അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടികളെടുക്കുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ